# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 354** **28.10.2019 - ൽ മറുപടിക്ക്.**

# പുതിയ റേഷൻ കാർഡുകളിലെ തിരുത്തലുകൾ

ചോദ്യം

**ശ്രീ. രാജു എബ്രഹാം :**

(എ) സംസ്ഥാനത്ത് പുതുതായി റേഷൻ കാർഡ് ലഭിക്കുന്നതിനായി ശരാശരി എത്ര അപേക്ഷകൾ ആണ് ഓരോ മാസവും രജിസ്റ്റർ ചെയ്യപ്പെടുന്നതെന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ നിലവിൽ എത്ര നാളുകൾക്കുള്ളിൽ തീരുമാനമെടുത്ത് പുതിയ റേഷൻ കാർഡ് നൽകാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡുകളിൽ തിരുത്തലുകൾ വരുത്തുന്നതിനായി ശരാശരി എത്ര അപേക്ഷകൾ ഓരോ മാസവും ലഭിക്കുന്നുണ്ടെന്നും എത്ര നാളുകൾക്കുള്ളിൽ ഈ അപേക്ഷകളിന്മേൽ പരിഹാര നടപടി സ്വീകരിച്ച് ലഭ്യമാക്കാൻ കഴിയുന്നുണ്ടെന്നും വിശദമാക്കാമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും സംസ്ഥാനത്ത് പുതുതായി റേഷൻ കാർഡ് ലഭിക്കുന്നതിനായി ശരാശരി 15,000 അപേക്ഷകളും തിരുത്തലുകൾ വരുത്തുന്നതിനായി ശരാശരി 1.5 ലക്ഷം അപേക്ഷകളും ഓരോ മാസവും രജിസ്റ്റർ ചെയ്യപ്പെടുന്നു. റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലു വർഷക്കാലമായി റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ വകുപ്പിൽ സ്വീകരിച്ചിരുന്നില്ല. 2018 ജൂൺ മാസം മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ വകുപ്പിൽ സ്വീകരിച്ചു തുടങ്ങി. നാളിതുവരെ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനായും തിരുത്തലുകൾ വരുത്തുന്നതിനായും സംസ്ഥാനത്ത് ഓൺലൈനായും നേരിട്ടും 36.27 ലക്ഷം അപേക്ഷകൾ ലഭ്യമായിട്ടുള്ളതും ആയതിൽ അടിയന്തിരമായി തീർപ്പ് കൽപ്പിച്ച് വിതരണം നടത്തി തീരുന്ന മുറക്ക് സേവനാവകാശ നിയമ പ്രകാരമുള്ള സമയപരിധിയിൽ പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതുതായി റേഷൻ കാർഡ് ലഭിക്കുന്നവർക്കെല്ലാം എ.പി.എൽ. റേഷൻ കാർഡാണ് അനുവദിക്കുന്നത് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പുതിയ കാർഡ് അനുവദിക്കുമ്പോൾത്തന്നെ മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) യും (ഡി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്ന മുൻഗണനാ സാധ്യത പട്ടികയിൽ നിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് പുതിയ കാർഡ് അനുവദിക്കുമ്പോൾ തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാതെ പോകുന്നത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫീൽഡ് തല പരിശോധനയും തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റാ ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി, ലഭ്യമാകുന്ന ഒഴിവുകളിൽ അടിയന്തിരമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ രണ്ട് എ.എ.വൈ/പി.എച്ച്.എച്ച് കാർഡുകളിൽ നിന്നുള്ള അംഗങ്ങളെ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡ് നൽകുമ്പോൾ ടി കാർഡ് പി.എച്ച്.എച്ച് വിഭാഗത്തിലാണ് നൽകുന്നത്.

മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപ്പെടുത്തി പുതിയ കാർഡ് നൽകുമ്പോൾ മുൻഗണനാ കാർഡും പൊതുവിഭാഗം കാർഡിൽ നിന്ന് അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം കാർഡും ലഭ്യമാക്കുന്ന അവസരത്തിൽ അപാകതയുണ്ടാകാൻ സാധ്യതയുള്ളതിനാൽ പുതിയ കാർഡ് അനുവദിക്കുമ്പോൾ, പ്രത്യേകിച്ച് മുൻഗണനാ കാർഡാണെങ്കിൽ വ്യക്തമായ പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തി മാത്രമേ കാർഡ് അനുവദിക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) എ പി എൽ റേഷൻ കാർഡ് ബി പി എൽ (മുൻഗണനാ) റേഷൻ കാർഡാക്കി മാറ്റുന്നതിനായുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലാവധി നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) സർക്കാർ ഉത്തരവ് 320/17/ഭ.പൊ.വി.വ തീയതി 18.09.2017 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ താലൂക്ക് തലത്തിൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തുകയും ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായവരെ മുൻഗണനാ സാധ്യതപട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും ലഭ്യമാകുന്ന ഒഴിവുകളിൽ ക്രമമനുസരിച്ചും അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ ധാരാളം അപേക്ഷകൾ ഓരോ താലൂക്കിലും ലഭ്യമാകുന്നതിനാൽ ആയതിൽ അദാലത്തുകൾ നടത്തി പട്ടിക തയ്യാറാക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാൽ അർഹരായവരുടെ മുൻഗണനേതര കാർഡ് മുൻഗണനാ കാർഡാക്കി മാറ്റുന്നതിന് കാലാവധി നിശ്ചയിക്കാൻ പ്രയാസമാണ്.

*സെക്ഷൻ ഓഫീസർ*